LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969

Tuesday, the 5th August 1969.

Vol. XXV] OFFICIAL REPORT [No. 2

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 5th August 1969, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

കാർഷിക സർവ്വകലാശാല

1. [1] ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ഉദ്യോഗസ്ഥൻ അതു് എവിടെ സ്ഥാപിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതു്;

(സി) പ്രസ്തുത നിർദ്ദേശം ഗവണ്മെന്റ് പരിഗണിച്ചു കഴിഞ്ഞോ;

(ഡി) എങ്കിൽ ഗവണ്മെന്റിന്റെ തീരുമാനം എന്തു് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ടു്.

(ബി) തൃശ്ശൂർ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതു് ഗവേഷണം, പഠനം, എക്സ്റ്റൻഷൻ എന്നീ മൂന്നു ലക്ഷ്യങ്ങളെ മുൻനിറുത്തിക്കൊണ്ടും കേരളത്തിലെ എല്ലാവിധ കാർഷികവിഭവങ്ങളും വികസിപ്പിക്കുന്നതിനും കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടും ഗവേഷണ സൗകര്യം വികസിപ്പിക്കുന്നതിനും ആണു് എന്നുള്ളതിനെ ലക്ഷ്യമാക്കിക്കൊണ്ടും കേരളത്തിന്റെ മദ്ധ്യഭാഗത്തോ എല്ലാ വിഭാഗക്കാർക്കും ഒരുപോലെ സൗകര്യപ്രദമായ സ്ഥലത്തോ സ്ഥാപിക്കുന്ന കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ ?

ശ്രീ. ടി. വി. തോമസ്: ഈ പറയുന്ന കാര്യങ്ങളൊക്കെ വളരെ ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. പി. കുര്യൻ: കാർഷിക സർവ്വകലാശാല സ്ഥാപിക്കുമ്പോൾ അതിൽ പ്രധാനമായിട്ട് ഗവേഷണമാണ് ഉദ്ദേശിക്കുന്നതെങ്കിലും നമ്മുടെ സംസ്ഥാനത്തെ മറ്റൊൻ ടെക്നോളജിയെക്കൂടി പരിഗണിച്ച് എറണാകുളത്തിനടുത്തെവിടെയെങ്കിലും സ്ഥാപിക്കുമെന്നും അതിനെ സംബന്ധിച്ച് ശുപാർശകൾ നൽകുമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിനുമുൻപ് സഭയിൽചെയ്ത പ്രസ്താവനയും ഇന്നത്തെ മറുപടിയുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇതൊക്കെ ആലോചിച്ചതിനുശേഷം മാത്രമേ തീരുമാനിക്കൂ.

ശ്രീ. എൻ. കെ. ശേഷൻ: കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് ഏതു ലെവലിലാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. ടി. വി. തോമസ്: ഗവണ്മെന്റ് ലെവലിലാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എപ്പോഴാണ് കിട്ടിയതു, അതിന്മേൽ എപ്പോഴാണ് തീരുമാനമെടുക്കുന്നതു?

ശ്രീ. ടി. വി. തോമസ്: അതു വ്യക്തമായി ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

ശ്രീ. കെ. കരുണാകരൻ: എപ്പോഴാണ് ഗവണ്മെന്റു തീരുമാനമെടുക്കാൻ സാദ്ധ്യത?

ശ്രീ. ടി. വി. തോമസ്: രണ്ടുമൂന്നു മാസത്തിനുള്ളിൽ വ്യക്തമായ തീരുമാനമെടുക്കും.

ശ്രീ. കെ. എം. ജോർജ്ജ്: കാർഷിക സർവ്വകലാശാല തൃശ്ശൂരിൽ സ്ഥാപിക്കാനാണ് ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നു പറഞ്ഞു. തൃശ്ശൂരിന്റെ ഏതു ഭാഗത്താണ് എന്നു പറയാൻ കഴിയുമോ?

ശ്രീ. ടി. വി. തോമസ്: ഇതിൽ അതൃസ്സു വിശദമായി പറഞ്ഞിട്ടില്ല.

ശ്രീ. പി. പി. കൃഷ്ണൻ: കേരളത്തിലെ കൃഷിപ്രാധാന്യമുള്ള സ്ഥലമായ പാലക്കാട് ജില്ലയിൽ കാർഷിക സർവ്വകലാശാല സ്ഥാപിക്കണമെന്നു ശുപാർശ ചെയ്യാൻ ഗവണ്മെന്റു മുതിരുമോ?

ശ്രീ. ടി. വി. തോമസ്: തൃശ്ശൂരിൽ വേണമെന്നാണ് സ്പെഷ്യൽ ആഫീസർ റിപ്പോർട്ട ചെയ്തിരിക്കുന്നതു.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിനു ആവശ്യമായ ധനം കേന്ദ്രഗവണ്മെൻറിൽ നിന്നാണോ ലഭിക്കുന്നതു, അതോ സംസ്ഥാന ഗവണ്മെന്റു വല്ലതും ചെലവഴിക്കണമോ?

ശ്രീ. ടി. വി. തോമസ്: കേന്ദ്രത്തിൽനിന്നും കൂടുതൽ കിട്ടണമെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ കെ. ശേഷൻ: ഈ സർവ്വകലാശാല തൃശ്ശൂരിൽ സ്ഥാപിക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള ആ സ്ഥലത്തുതന്നെ വേണമെന്നു കാണിച്ചുകൊണ്ട് തൃശ്ശൂരിലെ നഗരസഭകളും മറ്റു പൊതുപ്രാധാന്യമുള്ള സംഘടനകളുമൊക്കെ നിവേദനം നടത്തിയിട്ടുണ്ടോ, അതു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഉണ്ട്. നിവേദനങ്ങളും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. എം. തോമസ്: ഈ കാർഷിക കോളേജ് തൊടുപുഴയിൽ സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടോ എന്നന്വേഷിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ടി. വി. തോമസ്: അതിനെ സംബന്ധിച്ച് നിവേദനം നടത്തുകയാണെങ്കിൽ അതും ചെയ്യാം.

ശ്രീ. ഇ. ടി. കുഞ്ഞൻ: പുതുതായി രൂപംകൊണ്ട മലപ്പുറം ജില്ലയിൽ കാർഷിക ഗവേഷണകേന്ദ്രം തുറക്കുക എന്നുള്ളതു് ആ ജില്ലയുടെ ഡെവലപ്പ്മെന്റ് എന്നുള്ള നിലയ്ക്കും കൃഷിയുടെ അഭിവൃദ്ധിക്കു് ഉപകാരപ്രദമാണു് എന്ന നിലയ്ക്കും മലപ്പുറം ജില്ലയിൽ സ്ഥാപിക്കാൻ ശ്രമിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഇവിടെ ഉന്നയിക്കുന്ന എല്ലാ കാര്യങ്ങളും പരിഗണിക്കും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയുടെ അനാസ്ഥകൊണ്ടാണു് കേരളത്തിനു ലഭിക്കുമായിരുന്ന ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കിട്ടാതെപോയതെന്നും കാർഷികസർവ്വകലാശാല അന്വേഷണോദ്യോഗസ്ഥനായ ശ്രീ. സി. കെ. എൻ. നായർ പ്രസ്താവിച്ചിട്ടുള്ളതു ശരിയാണോ?

ശ്രീ. ടി. വി. തോമസ്: ഒരു ഡിസ്ക്രെഡിറ്റഡ് ഉദ്യോഗസ്ഥൻ ചെയ്ത ഈ പ്രസ്താവന വളരെ ഗൗരവമായിട്ടെടുക്കുന്ന അംഗങ്ങളോടു് എനിക്കു സിംപതിയുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ഈ ഉദ്യോഗസ്ഥൻ എന്നാണു് ഡിസ്ക്രെഡിറ്റഡ് ആയതു്?

ശ്രീ. ടി. വി. തോമസ്: ആ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെപ്പറ്റിയല്ല ഞാൻ പറഞ്ഞതു്. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള പ്രസ്താവനയെയാണു് ഞാൻ സൂചിപ്പിച്ചതു്.

ശ്രീ. പി. കുഞ്ഞൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതിനു് എത്ര ഏക്കർ ഭൂമി വേണ്ടിവരും? കൂടുതൽ സ്ഥലം വേണ്ടിവരുമെങ്കിൽ തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. സി. കണ്ണൻ: കാർഷികസർവ്വകലാശാല സോവിയറ്റു സഹായത്തോടുകൂടി സ്ഥാപിക്കുന്നതായിരിക്കുകയല്ലേ നല്ലതു്; അതായിരിക്കുകയല്ലേ കൂടുതൽ ഉചിതം?

ശ്രീ. ടി. വി. തോമസ്: എല്ലാ നിവേദനങ്ങളും കിട്ടിയതിനുശേഷം ഇതേപ്പറ്റി ഗൗരവമായി ആലോചിക്കുന്നതാണെന്നു് നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: കാർഷികസർവ്വകലാശാല സ്ഥാപിക്കാൻ എന്റെ നിയോജകമണ്ഡലത്തിൽ നല്ല സൗകര്യമുണ്ട്. അവിടെ സ്ഥലം കൊടുക്കാൻ ഞാൻ ഉത്സാഹിക്കുകയും ചെയ്യാം. അതുകൊണ്ടു് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഈ കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നകാര്യം ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എൻ. കെ. ശേഷൻ: കാർഷികസർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള റിപ്പോർട്ടിൽ മറ്റേതെങ്കിലും പരാമർശമോ പരിശോധനയോ നടത്തിയിട്ടുണ്ടോ എന്നു പറയാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: ഈ റിപ്പോർട്ട് വേദപുസ്തകംപോലെയാണ്. ആക്ട് വേണമെങ്കിലും ഉദ്ധരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, എന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല.

മി. സ്പീക്കർ: എല്ലാസ്ഥലത്തും കാർഷികസർവ്വകലാശാല സ്ഥാപിക്കണമെന്ന നിവേദനം ഉണ്ടായിട്ടുണ്ട്. എല്ലാം പരിഗണിക്കാമെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തൃശ്ശൂരിലെ കാര്യം പരിഗണിക്കാം, നിവേദനങ്ങൾ തന്നാൽ നോക്കാം എന്നൊക്കെ പറഞ്ഞു. ഞാനാണെങ്കിൽ സ്ഥലം തരാമെന്നു പറഞ്ഞിട്ടുപോലും ബഹുമാനപ്പെട്ട മന്ത്രി .....

ശ്രീ. ടി. വി. തോമസ്: അതും പരിഗണിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഇത്ര പ്രാധാന്യമുള്ള ഈ റിപ്പോർട്ട് മെമ്പർമാർക്ക് ലഭിക്കുന്നതിനുവേണ്ടി നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുമോ ?

ശ്രീ. ടി. വി. തോമസ്: വിതരണം ചെയ്യാം.

സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ

2. [2] ശ്രീ. പി. കെ. കുഞ്ഞച്ചൻ.
,, എം. കെ. ജോർജ്ജ്
,, എ. പി. കുര്യൻ
,, എസ്സ്. ദാമോദരൻ
,, ടി. കെ. രാമകൃഷ്ണൻ
,, പാലൊളി മുഹമ്മദ്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1–4–1946–നുശേഷം സൈനിക സർവ്വീസുള്ള സർക്കാർ ജീവനക്കാർ എത്രപേരുണ്ട്;

(ബി) സൈനിക സർവ്വീസ് സിവിൽ പെൻഷൻ ഉള്ളവരുടെ കാര്യത്തിൽ കണക്കാക്കുന്നില്ലെന്നുള്ളത് ശരിയാണോ;

(സി) സൈനിക സർവ്വീസ് പരിഗണിക്കുമെങ്കിൽ 1-4-1946-നു ശേഷമുള്ള സൈനിക സർവ്വീസിന്റെ പെൻഷനറി ചെലവ് പ്രതിരോധവകുപ്പ് വഹിക്കാമെന്ന് 1–4–1964–ലെ ഇ. 3 (71) ഇ. ആർ. (എ) 163 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണോ;

(ഡി) ശരിയാണെങ്കിൽ ആ സഹായം വാങ്ങി ഈ വിഭാഗക്കാർക്ക് വേണ്ട ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവണ്മെന്റിന്റെ 24–7–1969–ലെ പി. 214 ഉത്തരവു അനുസരിച്ച് 1–4–1946–നു ശേഷമുള്ള സൈനിക സർവ്വീസ് ചില നിബന്ധനകൾക്ക് വിധേയമായി സിവിൽ പെൻഷന് കണക്കാക്കുന്നതാണ്.

(സി) പ്രസ്തുത നമ്പരും തീയതിയുമുള്ള ഉത്തരവ് കിട്ടിയിട്ടില്ല. പക്ഷേ പ്രതിരോധവകുപ്പിന്റെ 28–3–1964–ലെ 9 (1) /64/3453 (പെൻഷൻ/സർവ്വീസസ്സ്) ഉത്തരവ് സൈനിക സർവ്വീസുള്ളവരുടെ പെൻഷനറി ചെലവിന്റെ വിഹിതം ആ വകുപ്പ് വഹിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരമാണ് (ബി) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരവു നിലവിൽവന്നത്.

(ഡി) 'സി' ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ഉപ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly